## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2989 — 28.01.2014 ൽ മറുപടിക്ക്

### ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. റ്റി. ബൽറാം<br>,, സണ്ണി ജോസഫ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകി യിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായ ത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് ഉത്തര വായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെ ടുന്ന വില്ലേജുകളെയും പല പഞ്ചായ ത്തുകളിലായി കിടക്കുന്ന വില്ലേജുകളെ യും ഒരുമിച്ച് ഒരിടത്ത് പ്രവർത്തിപ്പി ക്കുക എന്ന, ലക്ഷ്യം നേടാനാണ് ഉദ്ദേശ്യം. ഇതിലൂടെ, നിലവിലുണ്ടായി രുന്ന ഭരണപരമായ അസൗകര്യ ങ്ങളും ജനങ്ങളുടെ യാത്രാക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുള്ള തുമായ സേവനം പ്രദാനം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധി മുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) പ്രസ്തുത പദ്ധതി പൂർണ്ണമായി പ്രാവർ ത്തികമാകുമ്പോൾ കൂടുതൽ വില്ലേജു കൾ നിലവിൽ വരുന്നതിലൂടെ ജനങ്ങ ളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കാൻ കഴിയുന്നതാണ്. |

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ചും, ടി വില്ലേജുകളിലേയ്ക്ക് സ്റ്റാഫ് പാറ്റേൺ പ്രകാരം തസ്തിക സൃഷ്ടിച്ചും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി രൂപീകരിച്ച 30 വില്ലേജു കളുടെ വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ഗസറ്റ് വിജ്ഞാ പനം നിലവിൽ വരുന്ന മുറയ്ക്ക് പുതിയ വില്ലേജുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ